'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ- ജീവനക്കാര്യം- മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയ ശ്രീ. രാജേഷ് കുമാർ. എസ്-നെ ലൈഫ് മിഷൻ മലപ്പുറം ജില്ലാ കോ-ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1516/2019/LSGD തീയതി,തിരുവനന്തപുരം, 19/07/2019

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം. 580/2013/ധന നമ്പർ സർക്കാർ ഉത്തരവ്

3 ശ്രീ. രാജേഷ് കുമാർ. എസ്, സെക്രട്ടറി, മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് 24.05.2019ൽ സമർപ്പിച്ച അപേക്ഷ

4 പഞ്ചായത്ത് ഡയറക്ടറുടെ 05.06.2019ലെ നിരാക്ഷേപ പത്രിക

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.06.2019ലെ എൽ.എഫ് 10/2019/ലൈഫ് നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ശ്രീഹരി.എം 30.04.2019 ൽ ലൈഫ് മിഷനിൽ നിന്ന് വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവ് വന്ന ലൈഫ് മിഷൻ ജില്ലാ കോ-ഓർ ഡിനേറ്റർ (മലപ്പുറം) തസ്തികയിലേയ്ക്ക് നോട്ടിഫിക്കേഷൻ നം. 17/2019/ലൈഫ് പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെന്നും പ്രസ്തുത വിജ്ഞാപന പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് 15.06.2019-ന് ഇന്റർവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്ക് തെരെഞ്ഞെടുത്ത ശ്രീ രാജേഷ് കുമാർ.എസ് (സെക്രട്ടറി, മേലാറ്റൂർ, ഗ്രാമ പഞ്ചായത്ത്) നെ മലപ്പുറം ജില്ലാ കോ-ഓർഡിനേറ്ററായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ്

ഓഫീസറുടെ പരാമർശം 5 പ്രകാരമുള്ള ശിപാർശയുടേയും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ലഭ്യമാക്കിയ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയ ശ്രീ. രാജേഷ് കുമാർ എസ്.നെ ലൈഫ് മിഷൻ മലപ്പുറം ജില്ലാ കോ-ഓർഡിനേറ്ററായി ഒരു വർഷത്തേക്ക് റൂൾ 140(സി) പാർട്ട് 1, കെ.എസ്.ആർ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ശ്രീ. രാജേഷ് കുമാർ.എസ്, സെക്രട്ടറി, മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്